(എ&ബി) ഫോറൻസിക് സയൻസ് മാത്രം അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾ ഒന്നുംതന്നെ ആഭ്യന്തര വകുപ്പിലില്ല. ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ വിവിധ തസ്തികകളിലെ നിയമനങ്ങൾക്കായി 31-1-2014-ലെ സ.ഉ.(അച്ചടി) നമ്പർ 19/2014/ആഭ്യന്തരം പ്രകാരമുള്ള വിശേഷാൽ ചട്ടം നിഷ്കർഷിച്ചിട്ടുള്ള യോഗ്യത പ്രകാരം നിയമനങ്ങൾ നടത്തി, ഫോറൻസിക് സയൻസ് സംബന്ധമായ വിഷയങ്ങളിൽ വേണ്ട പരിശീലനം നൽകിവരുന്നു.

(സി) ശാസ്ത്രീയമായ കുറ്റാന്വേഷണത്തിന് ഫോറൻസിക് സയൻസിലുള്ള ബിരുദം ഏറ്റവും അത്യാവശ്യമാകയാൽ പ്രസ്തുത യോഗ്യതയുള്ളവർ കേരളത്തിൽ ലഭ്യമാണോയെന്നറിയിക്കാമോ; ഫോറൻസിക് വിഭാഗങ്ങളിൽ മറ്റ് യോഗ്യതയുള്ളവരെ നിയമിക്കുന്നത് കുറ്റാന്വേഷണം ഫലപ്രദമാകുന്നതിന് തടസ്സമാകുന്നുണ്ടോയെന്നത് പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കുമോ?

ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ വിവിധ തസ്തികകളിലെ നിയമനങ്ങൾക്കായി 31-1-2014-ലെ സ.ഉ.(അച്ചടി) നമ്പർ 19/2014/ആഭ്യന്തരം പ്രകാരമുള്ള വിശേഷാൽ ചട്ടം നിഷ്കർഷിച്ചിട്ടുള്ള യോഗ്യത പ്രകാരം നിയമനങ്ങൾ നടത്തി, ഫോറൻസിക് സയൻസ് സംബന്ധമായ വിഷയങ്ങളിൽ വേണ്ട പരിശീലനം നൽകുന്നതിനാൽ കുറ്റകൃത്യങ്ങളിലെ ശാസ്ത്രീയ പരിശോധനകൾ കാര്യക്ഷമമായും ഫലപ്രദമായും പൂർത്തീകരിക്കാൻ സാധിക്കുന്നു. നേരിട്ടുള്ള നിയമനത്തിന് യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി നൽകുന്നത് പി.എസ്.സി. മുഖേനയാണ്. ആയതിനാൽ, ഉദ്യോഗാർത്ഥികളുടെ ലഭ്യത വകുപ്പ് പരിശോധിച്ചിട്ടില്ല.

പട്ടാമ്പി -പുലാമന്തോൾ റോഡിന്റെ വിജിലൻസ് കേസ്

112(3847) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി-പുലാമന്തോൾ റോഡ് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യാനിടയായ സാഹചര്യം വ്യക്തമാക്കാമോ?

ശ്രീ. സെയ്തലവി, മീനങ്ങൽ വീട്, ചെമ്മലശ്ശേരി, പുലമന്തോൾ പോസ്റ്റ്, മലപ്പുറം ജില്ല എന്ന വ്യക്തിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മലപ്പുറം യൂണിറ്റിൽ 2014 വർഷത്തിൽ എസ്.സി.682014/ എം.പി.എം. എന്ന നമ്പരിൽ നടത്തിയ മിന്നൽ പരിശോധനയിൽ ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിലാണ് പട്ടാമ്പി-

LIBRARY ARCHIVES Kerala Legislative Assembly

പുലാമന്തോൾ റോഡ് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പാലക്കാട് യൂണിറ്റിൽ വി.സി.25/2015/പി.കെ.ഡി. നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തത്.

(ബി) പ്രസ്തുത കേസിന്റെ നിലവിലെ സ്റ്റാറ്റസ് വ്യക്തമാക്കാമോ; ഈ കേസിൽ ഉൾപ്പെട്ട ആരെയെങ്കിലും ശിക്ഷിക്കുകയുണ്ടായോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത വിജിലൻസ് കേസന്വേഷണം പൂർത്തിയാക്കി 27-3-2021-ൽ പ്രതികൾക്കെതിരെ ബഹു. എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) കോടതി, തൃശ്ശൂർ മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ആയത് ബഹു. കോടതിയുടെ വിചാരണയിലുമാണ്.

അഗ്രിഫെസ്റ്റുമായി ബന്ധപ്പെട്ട് നടന്ന വിജിലൻസ് അന്വേഷണം

113(3848) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 സർക്കാരിന്റെ കാലത്ത് മാനന്തവാടിയിൽ യുവജനക്ഷേമം, കൃഷി എന്നീ വകുപ്പുകൾ ചേർന്ന് നടത്തിയ അഗ്രിഫെസ്റ്റുമായി ബന്ധപ്പെട്ട് നടന്ന വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത അന്വേഷണവുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിലാണുള്ളത്?

(എ&ബി) 2015-ൽ സംസ്ഥാന കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ വയനാട് ജില്ലയിലെ മാനന്തവാടി മുനിസിപ്പാലിറ്റിയിൽ സംഘടിപ്പിച്ച അഗ്രിഫെസ്റ്റിനോടനുബന്ധിച്ച് നടത്തിയ ടൈബൽ ഫെസ്റ്റിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ വയനാട് യൂണിറ്റ് പി.ഇ.01/2018/വയനാട് ആയി ഒരു പ്രാഥമികാന്വേഷണം നടത്തുകയും റിപ്പോർട്ട് തുടർനടപടി സ്വീകരിക്കുന്നതിനായി സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. റിപ്പോർട്ടിലെ കൃഷി വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ, വയനാട് പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നടപടികൾ സ്വീകരിച്ചുവരുന്നു. കായിക യുവജനകാര്യ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാന യുവജനക്ഷേമ ബോർഡ് ഈ പരിപാടിക്കായി അനുവദിച്ച 10 ലക്ഷം രൂപയുടെ ധനവിനിയോഗപത്രം നാളിതുവരെ സർക്കാരിൽ ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly